2023
APRIL
15
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




# കേരളത്തിൽ പ്രതിദിന വൈദ്യുതി ഉപഭോഗം 100 ദശലക്ഷം യൂണിറ്റ് കടന്നു

## ചരിത്രത്തിൽ ആദ്യം

**തിരുവനന്തപുരം:** സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം ചരിത്രത്തിൽ ആദ്യമായി 10 കോടി യൂണിറ്റ് പിന്നിട്ടു. വ്യാഴാഴ്ചയാണ് വൈദ്യുതി ഉപയോഗം 10.03 കോടി യൂണിറ്റ് ആയത്. വൈകുന്നേരം പീക് ലോഡ് സമയത്തെ ഉപയോഗവും 4903 മെഗാവാട്ടുമായി റെക്കോർഡിലേക്ക് കുതിച്ചു. കഴിഞ്ഞ വർഷത്തെക്കാൾ 518 മെഗാവാട്ടിന്റെ വർധനയാണ് ഉണ്ടായിരിക്കുന്നത്.

ഇതേ രീതിയിൽ ഇനിയും ഉപയോഗം വർധിച്ചാൽ ഇപ്പോൾ ലഭ്യമായ വൈദ്യുതി തികയാതെ വരും. അധിക വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്നു യൂണിറ്റിനു 10 രൂപയ്ക്ക് വാങ്ങി കമ്മി നികത്തേണ്ടി വരും. എക്സ്ചേഞ്ചിൽ ഇപ്പോൾ വൈദ്യുതി ലഭ്യമാണ്. ലഭിക്കാതെ വന്നാൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരും.



കഴിഞ്ഞ വർഷം ഏപ്രിൽ 28ന് പ്രതിദിന ഉപയോഗത്തിൽ രേഖപ്പെടുത്തിയ 9.29 കോടി യൂണിറ്റിന്റെ റെക്കോർഡ് ആണ് ചൊവ്വാഴ്ചത്തെ 9.56 കോടി യൂണിറ്റ് ഉപയോഗത്തോടെ തകർന്നത്. ബുധനാഴ്ച ആയപ്പോൾ വീണ്ടും റെക്കോർഡ് തകർത്ത് ഇത് 9.85 കോടി യൂണിറ്റിൽ എത്തി. എന്നാൽ വ്യാഴാഴ്ച 100 ദശലക്ഷം യൂണിറ്റ് പിന്നിട്ട് സർവകാല റെക്കോർഡ് സൃഷ്ടിക്കുകയായിരുന്നു.



# ഐപിഎലിനെ തകർക്കാൻ സൗദി; ലോകത്തിലെ ഏറ്റവും സമ്പന്നമായ ട്വന്റി20 ലീഗ് തുടങ്ങുന്നു

**മുംബൈ:** ലോകത്തിന്റെ ഏറ്റവും ലാഭകരമായ ട്വന്റി20 ക്രിക്കറ്റ് ലീഗാണ് ഐപിഎൽ. പണക്കിലുക്കത്തിന്റെ കാര്യത്തിലായായും ലോകോത്തര കളിക്കാരുടെ പങ്കാളിത്തത്തിലായാലും സമൂഹമാധ്യമങ്ങളിലെ സാന്നിധ്യത്തിലായാലും, ലോകമെമ്പാടുമുള്ള മറ്റു ട്വന്റി20 ലീഗുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഐപിഎൽ സമാനതകളില്ലാത്തതാണ്. പക്ഷേ ഈ റെക്കോർഡ് തകർക്കാൻ ഒരുങ്ങുകയാണ് സൗദി അറേബ്യ. ലോകത്തിന്റെ ഏറ്റവും സമ്പന്നമായ ടി20 ലീഗ് ആരംഭിക്കാനുള്ള ഒരുക്കത്തിലാണ് സൗദി അറേബ്യ. ഇതിനായി ഐപിഎൽ ഉടമകളെ സൗദി ബന്ധപ്പെട്ടതായാണ് വിവരം. ഫുട്ബോൾ, ഫോർമുല 1 തുടങ്ങിയ കായിക ഇനങ്ങളിൽ വൻ നിക്ഷേപം നടത്തിയ സൗദി അറേബ്യ, ക്രിക്കറ്റിലും ഒരു കൈ നോക്കാനുള്ള ശ്രമത്തിലാണ്.

നിലവിൽ ഇന്ത്യൻ ക്രിക്കറ്റ് താരങ്ങളെ വിദേശ ലീഗുകളിൽ പങ്കെടുക്കുന്നതിൽ ബിസിസിഐ വിലക്കുണ്ട്. എന്നാൽ പുതിയ ടി20 ലീഗ് സംബന്ധിച്ച് സൗദി അറേബ്യ സർക്കാരിന്റെ നിർദേശം വന്നാൽ ഇക്കാര്യത്തിൽ മാറ്റമുണ്ടായേക്കാം.

പുറത്തുവരുന്ന വിവരമനുസരിച്ച്, ഒരു വർഷത്തോളമായി ഈ വിഷയത്തിൽ ചർച്ചകൾ നടക്കുന്നുണ്ട്. എന്നാൽ രാജ്യാന്തര ക്രിക്കറ്റ് കൗൺസിലിന്റെ (ഐസിസി) അംഗീകാരം ലഭിക്കാത്തതാണ് ഇപ്പോൾ തടസ്സമായി നിൽക്കുന്നത്. ക്രിക്കറ്റിൽ സൗദി അറേബ്യ താൽപര്യം പ്രകടിപ്പിച്ച വിവരം ഐസിസി ചെയർമാൻ ഗ്രെഗ് ബാർക്ലേ നേരത്തെ സ്ഥിരീകരിച്ചിരുന്നു.

റിപ്പോർട്ട് അനുസരിച്ച്, സൗദി സർക്കാരിന്റെയും വിവിധ വ്യവസായികളുടെയും പ്രതിനിധികൾ ഇന്ത്യയിലെ ക്രിക്കറ്റ് മേഖലയുമായി അടുപ്പമുള്ളവരെ സന്ദർശിക്കുന്നുണ്ട്. ഐപിഎൽ ഉടമകളെയും ബിസിസിഐയെയും അവരുടെ ട്വന്റി20 ലീഗിലേക്ക് കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഏഷ്യാ കപ്പ്, ഉദ്ഘാടന മത്സരം അല്ലെങ്കിൽ ഐപിഎല്ലിന്റെ ഒരു റൗണ്ട് എന്നിവ സൗദി അറേബ്യയിൽ നടത്താനുള്ള സാധ്യതകളും പദ്ധതിയിലുണ്ടെന്നാണ് റിപ്പോർട്ട്.

# കേരളം തൊട്ട് വന്ദേഭാരത്; റേക്കുകൾ കൊച്ചുവേളിയിലേക്ക്: വഴിനീളെ സ്വീകരണം

**തിരുവനന്തപുരം:** കേരളത്തിനുള്ള ആദ്യ വന്ദേ ഭാരത് എക്സ്പ്രസിൻറെ റേക്കുകൾ കേരളത്തിലെത്തി. പാലക്കാടെത്തിയ ട്രെയിനിന് വൻ സ്വീകരണമാണ് ബിജെപി പ്രവർത്തകർ നൽകിയത്. ലോക്കോ പൈലറ്റിനെ മാലയിട്ട് സ്വീകരിച്ചു. ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി സി. കൃഷ്ണകുമാർ, ജില്ലാ പ്രസിഡന്റ് കെ.എം. ഹരിദാസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു സ്വീകരണം. റെയിൽവേ സ്റ്റേഷനിൽ ബിജെപി പ്രവർത്തകർ മധുരം വിതരണം ചെയ്തു. റെയിൽവേ സ്റ്റേഷനിലുണ്ടായിരുന്ന മറ്റു യാത്രക്കാരും സ്വീകരണ പരിപാടികളുടെ ഭാഗമായി. വന്ദേഭാരത് റേക്കുകൾ കൊച്ചുവേളിയിലേക്കുള്ള യാത്രയിലാണ്. എറണാകുളം ഉൾപ്പെടെയുള്ള സ്റ്റേഷനുകളിൽ വൻ സ്വീകരണമാണ് ലഭിച്ചത്.



അതേസമയം, വന്ദേ ഭാരത് മലയാളികൾക്കുള്ള പ്രധാനമന്ത്രിയുടെ വിഷുക്കൈനീട്ടമാണെന്ന് ബിജെപി നേതാവ് പി.കെ.കൃഷ്ണദാസ് വ്യക്തമാക്കി. 16 കോച്ചുള്ള ട്രെയിൻ ജനങ്ങൾക്ക് ഏറെ പ്രയോജനകരമാകുമെന്നതിൽ യാതൊരു സംശയവുമില്ലെന്നും അദ്ദേഹം പറഞ്ഞു. വന്ദേഭാരതിന്റെ ഉദ്ഘാടന സർവീസിനു മുന്നോടിയായി ദക്ഷിണ റെയിൽവേ മാനേജർ കോഴിക്കോട്ടും തിരുവനന്തപുരത്തും എത്തി ക്രമീകരണങ്ങൾ വിലയിരുത്തും. വന്ദേ ഭാരത് സർവീസ് ഈ മാസം 25ന് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

160 കിലോമീറ്റർ വേഗതയുള്ള ട്രെയിനാണ് വന്ദേഭാരതെങ്കിലും, ഇപ്പോൾ 110 കിലോമീറ്റർ വരെ വേഗത ലഭിക്കുമെന്നാണ് പ്രതീക്ഷ.

**സൊസൈറ്റി ടുഡേ**

എല്ലാ മാന്യ വായനക്കാർക്കും സൊസൈറ്റി ടുഡേയുടെ വിഷു ആശംസകൾ

# ഇൻഫോസിസ്: ലാഭത്തിൽ വർധന

**ന്യൂഡൽഹി:** മാർച്ചിൽ അവസാനിച്ച 3 മാസത്തിൽ ഇൻഫോസിസ് 6128 കോടി രൂപ ലാഭം നേടി. 2022 മാർച്ചിൽ അവസാനിച്ച ഇതേ കാലയളവുമായി താരതമ്യം ചെയ്താൽ 7.8 ശതമാനം വർധന. വരുമാനം 37,441 കോടി രൂപ. വർധന 16 ശതമാനം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭം 9 ശതമാനം കൂടി 24,095 കോടിയിലെത്തി. വരുമാനത്തിലുണ്ടായ വർധന 20.7 ശതമാനം. ഇത് 146,767 കോടിയായി. ഒരു ഓഹരിക്ക് 17.50 രൂപ നിരക്കിൽ ലാഭവിഹിതവും പ്രഖ്യാപിച്ചു.



# മലയോരം ചുട്ടുപൊള്ളുന്നു; പുറത്തിറങ്ങാനാവാതെ ജനം



**എടക്കര:** മലയോരത്ത് പൊള്ളുന്ന ചൂട് തന്നെ. തുടർച്ചയായ രണ്ടാം ദിവസവും താപനില 40 ഡിഗ്രിക്ക് മുകളിലാണ്. മേഖലയിൽ അടുത്ത കാലത്തൊന്നും ഇത്രയും കടുത്ത ചൂട് അനുഭവപ്പെട്ടിട്ടില്ല. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുണ്ടേരിയിലെയും നിലമ്പൂരിലെയും ഓട്ടമാറ്റിക് വെതർ സ്റ്റേഷനുകളിൽ 40.4 ഡിഗ്രിയാണ് ഇന്നലത്തെ താപനില രേഖപ്പെടുത്തിയത്. മുണ്ടേരിയിൽ 3 തവണ താപനില 40 ഡിഗ്രിക്ക് മുകളിൽ രേഖപ്പെടുത്തി.

ചൂട് താങ്ങാനാവാത്തതിനാൽ പകൽ സമയങ്ങളിൽ ടൗണുകളിലും പൊതുസ്ഥലങ്ങളിലുമെല്ലാം ആളുകൾ കുറവായിരുന്നു. വിഷു, പെരുന്നാൾ ആഘോഷത്തിനുള്ള ഒരുക്കമായതിനാൽ തിരക്കുണ്ടാവേണ്ട സമയമാണിത്. ചൂട് കൂടുന്നതിനു മുൻപ് രാവിലെയും പിന്നെ വൈകിട്ടുമാണ് ആളുകൾ കൂടുതൽ പുറത്തിറങ്ങുന്നത്

കടുത്ത ചൂട് ക്ഷീര മേഖലയെ സാരമായി ബാധിക്കുന്നു. താപനില മുൻ വർഷങ്ങളിലൊന്നുമില്ലാത്ത വിധം ഉയർന്നതോടെ പാലുൽപാദനം കുറയുകയാണ്. ആവശ്യത്തിന് പുല്ലും വെള്ളവും ലഭ്യമല്ലാത്തതും അന്തരീക്ഷ ഊഷ്മാവ് പ്രതിരോധിക്കാൻ കന്നുകാലികൾക്ക് സാധിക്കാത്തതുമാണ് പാലിന്റെ അളവ് കുറയാൻ കാരണം.

പാലിന്റെ കുറവ് ക്ഷീരകർഷകരുടെ വരുമാനത്തെയും ബാധിച്ചു. കഴിഞ്ഞ വർഷം ശരാശരി 31 ഡിഗ്രി വരെയായിരുന്നു പരമാവധി താപനില രേഖപ്പെടുത്തിയിരുന്നത്. ഇത്തവണ ശരാശരി 35 ഡിഗ്രിയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. 2 ഡിഗ്രി സെൽഷ്യസ് താപനില ഉയർന്നാൽ തന്നെ പാലുൽപാദനത്തിൽ 10% വരെ കുറവുണ്ടാകും. രാവിലെയും വൈകിട്ടും പശുക്കളിൽനിന്നു പാൽ ശേഖരിക്കുമ്പോൾ 10 മുതൽ 20% വരെ പാലിന്റെ അളവിൽ കുറവുണ്ടാകുന്നുവെന്ന് ക്ഷീരകർഷകർ പറയുന്നു.

2 നേരം 600 ലീറ്ററോളം പാൽ അളന്നിരുന്ന വഴിക്കടവ് കമ്പളക്കല്ല് ക്ഷീരോൽപാദക സംഘത്തിൽ ഇപ്പോൾ 410 ലീറ്റർ പാലാണ് അളക്കുന്നത്.

കാരക്കോട് ക്ഷീരോൽപാദക സംഘത്തിൽ 300 ലീറ്റർ പാൽ അളന്നിരുന്നത് 250 ലീറ്ററായും കുറഞ്ഞിട്ടുണ്ട്. എല്ലാ ക്ഷീരസംഘങ്ങളിലും ഇതേ സ്ഥിതിയാണ്.

## റവന്യു വകുപ്പിലെ സങ്കീർണതകൾ പരിഹരിക്കുക സർക്കാർ ലക്ഷ്യം: മന്ത്രി കെ രാജൻ

റവന്യു വകുപ്പിലെ സങ്കീർണതകൾ പരിഹരിക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് റവന്യു മന്ത്രി കെ രാജൻ. പ്ലാൻ സ്കീം പദ്ധതിയിൽ ഉൾപ്പെടുത്തി 44 ലക്ഷം രൂപ വിനിയോഗിച്ച് പുതിയതായി നിർമിച്ച കല്ലേലിഭാഗം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

നിരവധി നിയമങ്ങൾ ചേർന്നതാണ് റവന്യു വകുപ്പിലെ ചട്ടങ്ങൾ. സങ്കീർണതകൾ പരമാവധി കുറയ്ക്കാനാണ് ഡിജിറ്റലൈസേഷൻ ഉൾപ്പടെ നടപ്പാക്കുന്നത്. ജീവനക്കാരുടെ ജോലി ഭാരവും ഇതിലൂടെ കുറയ്ക്കാനാകും.

കേരളത്തിൽ സമ്പൂർണ പട്ടയ വിതരണമാണ് സർക്കാർ ലക്ഷ്യമെന്നും സമ്പൂർണ ഓൺലൈൻ സേവനം എല്ലാ കുടുംബങ്ങളിലും എത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

കേരള സ്റ്റേറ്റ് നിർമിതി കേന്ദ്രമാണ് വില്ലേജ് ഓഫീസ് നിർമിച്ചത്. സി ആർ മഹേഷ് എം.എൽ.എ അധ്യക്ഷനായി.

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ദീപ്തി രവീന്ദ്രൻ, തൊടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു രാമചന്ദ്രൻ, ജില്ലാ പഞ്ചായത്ത് അംഗം അനിൽ എസ് കല്ലേലിഭാഗം, എഡിഎം ആർ ബീനാറാണി, സബ് കളക്ടർ മുകുന്ദ് ഠാക്കൂർ, തഹസിൽദാർ പി ഷിബു രാഷ്ട്രീയകക്ഷി നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു




## കെപിപിഎലിന് 10,000 ടൺ പത്രക്കടലാസിന് ഓർഡർ

**കോട്ടയം:** വെള്ളൂർ കെപിപിഎൽ (കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്) നേട്ടങ്ങളുടെ നെറുകയിലേക്ക്. മാധ്യമസ്ഥാപനമായ ദൈനിക് ഭാസ്കറിൽ നിന്ന് 10,000 ടണ്ണിന്റെ പത്രക്കടലാസ് ഓർഡർ സ്ഥാപനത്തിനു ലഭിച്ചു.മാർച്ചിൽ 5000 ടണ്ണിന്റെ ഓർഡർ ലഭിച്ചിരുന്നു. 44 ജിഎസ്എം പേപ്പറാണ് ഇപ്പോൾ കെപിപിഎൽ കൂടുതലായി ഉൽപാദിപ്പിക്കുന്നത്. കൂടുതൽ മേന്മയുള്ള 42 ജിഎസ്എം കടലാസ് ഉൽപാദിപ്പിക്കുന്നതോടെ കൂടുതൽ പത്രസ്ഥാപനങ്ങളുടെ ഓർഡർ ലഭിച്ചേക്കും.

കേരളത്തിലെ എട്ടോളം പത്രസ്ഥാപനങ്ങളും ചില ഇംഗ്ലീഷ് പത്രങ്ങളും തമിഴ്നാട്ടിലെ ചില പത്രങ്ങളും ഇവിടത്തെ കടലാസ് ഉപയോഗിക്കുന്നുണ്ട്.

ബിസിനസ് പത്രങ്ങൾ അച്ചടിക്കുന്ന സാൽമൺ പിങ്ക് കടലാസും കെപിപിഎലിൽ ഉൽപാദിപ്പിക്കുന്നുണ്ട്.ഇത്രയും ഓർഡർ ഒന്നിച്ചു ലഭിക്കുന്നത് ഇതാദ്യമാണെന്നും ഗുണനിലവാരം, കടലാസ് ലഭ്യമാക്കുന്നതിലെ കൃത്യത, ലോജിസ്റ്റിക്സ് മികവ് തുടങ്ങി ഒട്ടേറെ ഘടകങ്ങളിൽ ഏറെ മുന്നിലെത്തിയതു കൊണ്ടാണ് ഇതു സാധ്യമായതെന്നും മന്ത്രി പി.രാജീവ് സമൂഹമാധ്യമത്തിൽ കുറിച്ചു .

## കൗമാര പെൺകുട്ടികൾക്ക് ആരോഗ്യ ന്യൂട്രീഷൻ ക്യാമ്പ്

**മങ്കട:** ഐ.സി.ഡി.എസ് പ്രൊജക്ടിന്റെ ആഭിമുഖ്യത്തിൽ പോഷൺ പക്വാഡപദ്ധതിയുടെ ഭാഗമായി കൗമാര പെൺകുട്ടികൾക്കുള്ള ആരോഗ്യ ന്യൂട്രീഷൻ ക്യാമ്പ് മങ്കട ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി. അബ്ദുൽ കരീം ഉദ്ഘാടനം ചെയ്തു. വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് എന്ന വിഷയത്തിൽ ഡോ. ബിന്ദുവും ചെറു ധാന്യങ്ങളുടെ പ്രാധാന്യം എന്ന വിഷയത്തിൽ ന്യൂട്രീഷ്യനിസ്റ്റ് പി. റജിനയും ക്ലാസുകളെടുത്തു. ഐ.സി.ഡി.എസ് സൂപ്പർവൈസർമാരായ എം.കെ ബിന്ദു, എം. ഷീജ, കെ. സബീന, കെ.കെ സരസ്വതി, പി.പി ദാക്ഷായണി, മങ്കട ഐ.സി.ഡി.എസ് പ്രൊജക്ടിലെ അങ്കണവാടി പ്രവർത്തകരും പ്രൊജക്ട് പരിധിയിലെ കൗമാര പെൺകുട്ടികളും ക്യാമ്പിൽ പങ്കെടുത്തു. ചെറു ധാന്യങ്ങളുടെ പ്രദർശനവും ആരോഗ്യ പോഷണ പ്രദർശനവും കൗമാര പെൺകുട്ടികളുടെ വളർച്ച നിരീക്ഷണവും ആരോഗ്യ പോഷണ വിലയിരുത്തലും പരിപാടിയോടനുബന്ധിച്ച് നടന്നു. സി.ഡി.പി.ഒ പി.കെ ഇന്ദിര സ്വാഗതവും സമ്പുഷ്ട കേരളം പദ്ധതി ബ്ലോക്ക് കോർഡിനേറ്റർ സാദിഖ് മനോരത്ത് നന്ദിയും പറഞ്ഞു.

## സംരംഭകർക്ക് പരിശീലനം

പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക് വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രിണർഷിപ്പ് ഡവലപ്മെന്റ് (കെഐഇഡി) ഏഴ് ദിവസത്തെ ബിസിനസ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. 2023 മെയ് 9 മുതൽ 17 വരെ കളമശ്ശേരിയിലുള്ള കെഐഇഡി ക്യാമ്പസിലാണ് പരിശീലനം. നിലവിൽ സംരംഭം തുടങ്ങി അഞ്ച് വർഷത്തിൽ താഴെ പ്രവൃത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. 4,130 രൂപയാണ് ഏഴ് ദിവസത്തെ പരിശീലന ഫീസ്. താൽപര്യമുള്ളവർ മെയ് 1 ന് മുൻപായി അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2532890/2550322/605542061.

## കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പ വിതരണം നടത്തി

**സേനാപതി:** ഗ്രാമപഞ്ചായത്തിൽ സിഡിഎസ് കുടുംബശ്രീ യൂണിറ്റുകൾക്ക് മൈക്രോ ക്രെഡിറ്റ് വായ്പാ വിതരണം നടത്തി. പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ മുഖേന ലഭിച്ച 1.92 കോടി രൂപയുടെ വായ്പ്പ കുടുംബശ്രീ അംഗങ്ങൾക്ക് കൈമാറി. വനിത വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗം ശൈലജ സുരേന്ദ്രൻ സംഘാംഗങ്ങൾക്ക് ചെക്ക് നൽകി വായ്പ വിതരണം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിലോത്തമ സോമൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് ജനപ്രതിനിധികളായ പി പി എൽദോസ്, ഷീന ബിജു, പഞ്ചായത്തംഗം മത്തായി ആഗസ്തി എന്നിവർ ആശംസകൾ അറിയിച്ചു.

## നിധി ആപ്കെ നികത് അദാലത്ത് ഏപ്രിൽ 27ന്

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ മേഖലാ കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ 'നിധി ആപ്കെ നികത് അദാലത്ത്' ഏപ്രിൽ 27ന് രാവിലെ ഒൻപത് മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടത്തും. പരാതി പരിഹരിക്കൽ, പി എഫ് പുതുതായി രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുള്ള നിർദേശങ്ങൾ, ഇ പി എഫ് ഓയുടെ പുതിയ പദ്ധതികളെ കുറിച്ചും വ്യക്തമാക്കും. തൊഴിലുടമകൾ, പി എഫ് അംഗങ്ങൾ, പി എഫ് പെൻഷൻ വാങ്ങുന്നവർക്ക് പങ്കെടുക്കാം.

# സൂപ്പർ താരങ്ങളില്ലാത്ത വിഷു; മലയാളത്തിൽ ആറ് റിലീസുകൾ

മലയാള സിനിമയുടെ ആഘോഷ കാലമാണ് വിഷു. എന്നാൽ ഇത്തവണ സൂപ്പർ താരങ്ങൾ ഉൾപ്പടെയുള്ളവരുടെ വമ്പൻ സിനിമകളില്ലാത്ത വിഷു ആണ് മലയാള സിനിമയിൽ. സുരാജ് വെഞ്ഞാറമൂട് നായകനാവുന്ന മദനോത്സവം, ഷൈൻ ടോം ചാക്കോ, അഹാന കൃഷ്ണ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന അടി, പി.എം. തോമസുകുട്ടി സംവിധാനം ചെയ്ത ഉസ്കൂൾ എന്നിവയാണ് വിഷുവിനെത്തുന്ന പ്രധാന മലയാളം ചിത്രങ്ങൾ. രുദ്രൻ, ശാകുന്തളം എന്നിവയാണ് റിലീസിനെത്തുന്ന അന്യഭാഷ ചിത്രങ്ങൾ. ഇതിൽ സമാന്ത നായികയാകുന്ന ശാകുന്തളത്തിന്റെ മലയാളം പതിപ്പാണ് ഇവിടെ റിലീസ് ചെയ്യുക.




**മദനോത്സവം**

രതീഷ് ബാലകൃഷ്ണൻ പൊതുവാളിന്റ തിരക്കഥയിൽ നവാഗതനായ സുധീഷ് ഗോപിനാഥ് സംവിധാനം ചെയ്യുന്ന ചിത്രമാണ് മദനോത്സവം. ഇ. സന്തോഷ് കുമാറിന്റെ തങ്കച്ചൻ മഞ്ഞക്കാരൻ എന്ന കഥയെ ആസ്പദമാക്കിയാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. സുരാജ് വെഞ്ഞാറമൂട്, ബാബു ആന്റണി എന്നിവർ പ്രധാന വേഷങ്ങളിൽ എത്തുന്ന ചിത്രം ഒരു കോമഡി മാസ് എന്റർടെയ്നർ ആണ്.

**അടി**

പ്രശോഭ് വിജയൻ സംവിധാനം ചെയ്യുന്ന അടിയുടെ നിർമാണം വേഫെറർ ഫിലിംസിൻറെ ബാനറിൽ ദുൽഖർ സൽമാൻ ആണ്. അഹാനയ്ക്കും ഷൈനിനുമൊപ്പം ധ്രുവൻ, ബിറ്റോ ഡേവിസ്, ശ്രീകാന്ത് ദാസൻ എന്നിവരും ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്. ലില്ലി, അന്വേഷണം എന്നീ ചിത്രങ്ങൾക്കു ശേഷം പ്രശോഭ് വിജയൻറെ സംവിധാനത്തിൽ ഒരുങ്ങിയ ചിത്രമാണിത്. ഇഷ്കിന്റെ തിരക്കഥാകൃത്ത് രതീഷ് രവിയുടേതാണ് തിരക്കഥ. 96 ന് സംഗീതം ഒരുക്കിയ ഗോവിന്ദ് വസന്ത ചിത്രത്തിന്റെ സംഗീത സംവിധാനവും ഫായിസ് സിദ്ദീഖ് ഛായാഗ്രഹണവും നിർവഹിച്ചിരിക്കുന്നു.

**ഉസ്കൂൾ**

കവി ഉദ്ദേശിച്ചത് എന്ന ഹിറ്റ് ചിത്രത്തിനു ശേഷം പി.എം. തോമസ് കുട്ടി സംവിധാനം ചെയ്യുന്ന ചിത്രം. പ്ലസ് ടു സെന്റ് ഓഫ് ഡെയിൽ നടക്കുന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ കൗമാരകാല പ്രണയത്തിന്റെ നർമ മുഹൂർത്തങ്ങൾ ദൃശ്യവൽക്കരിക്കുന്ന ചിത്രമാണിത്. അഭിജിത്, നിരഞ്ജൻ, അഭിനന്ദ് ആക്കോട്, ഷിഖിൽ ഗൗരി, അർച്ചന വിനോദ്, പ്രിയനന്ദ, ശ്രീകാന്ത് വെട്ടിയാർ, ലാലി പി.എം, ലിതിലാൽ തുടങ്ങി നൂറോളം ആർട്ടിസ്റ്റുകൾ അഭിനയിക്കുന്നു.

ബോധി മൂവി വർക്സിന്റെ ബാനറിൽ ബീബു പരങ്ങേൻ, ജയകുമാർ തെക്കേകൊട്ടാരത്ത്, ബെൻസിൻ ഓമന, കെ.വി.പ്രകാശ്, പി.എം.തോമസ്കുട്ടി എന്നിവർ ചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം പ്രസൂൺ പ്രഭാകർ നിർവഹിക്കുന്നു.

അന്നു ആൻറണി, ഇന്ദ്രൻസ്, ആൻസൺ പോൾ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജോമി കുര്യാക്കോസ് സംവിധാനം ചെയ്ത മെയ്ഡ് ഇൻ കാരവാൻ, കൈലാഷ്, സരയൂ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ശ്യാം ശിവരാജൻ സംവിധാനം ചെയ്ത ഉപ്പുമാവ്, കാർത്തിക് രാമകൃഷ്ണൻ, വിനീത് വിശ്വം എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഗോകുൽ രാമകൃഷ്ണൻ സംവിധാനം ചെയ്ത താരം തീർത്ത കൂടാരം എന്നിവയാണ് ഇക്കുറി മലയാളത്തിലെ മറ്റ് വിഷു റിലീസുകൾ. ആറ് ചിത്രങ്ങളും ഏപ്രിൽ 14 നാണ് തിയറ്ററുകളിൽ എത്തിയത്.

## മധുരാന്തകൻ എത്തുന്നു; തരംഗമായി പൊന്നിയിൻ സെൽവനിലെ ശിവോഹം



പിഎസ്2 വിലെ ശിവോഹം എന്നു തുടങ്ങുന്ന ഗാനത്തിന്റെ ലിറിക്കൽ വിഡിയോ സമൂഹമാധ്യമങ്ങളിൽ തരംഗമാകുന്നു. ആദി ശങ്കരന്റെ നിർവാണ ശതകത്തിലെ ശിവോഹം എന്ന മന്ത്രം എ.ആർ.റഹ്മാന്റെ മാസ്മരിക സംഗീതത്തിലൂടെയാണു പ്രേക്ഷകർക്കരികിലെത്തിയത്. സത്യപ്രകാശ്, ഡോ.നാരായണൻ, ശ്രീകാന്ത് ഹരിഹരൻ, നിവാസ്, ശെൻബകരാജ്, ടി.എസ്.അയ്യപ്പൻ എന്നിവർ ചേർന്നു പാട്ട് ഭക്തിനിർഭരമായി ആലപിച്ചിരിക്കുന്നു.

മണിരത്നം സംവിധാനം ചെയ്ത ബ്രഹ്മാണ്ഡ ചിത്രം പൊന്നിയിൻ സെൽവന്റെ രണ്ടാം ഭാഗമാണ് പിഎസ്2. ശിവോഹം പാട്ടിൽ മധുരാന്തകൻ എന്ന മർമ പ്രധാനമായ കഥാപാത്രമായി റഹ്മാൻ എത്തുന്നു. ചിത്രത്തിന്റെ കഥാഗതി നിയന്ത്രിക്കുന്ന കഥാപാത്രമാണ് മധുരാന്തകൻ. ഈ കഥാപാത്രം രാജാവായി അവരോധിക്കപ്പെടുന്ന സൂചന നൽകുന്ന ഗാനരംഗമാണിത്. പാട്ട് ഇതിനകം ശ്രദ്ധിക്കപ്പെട്ടുകഴിഞ്ഞു.

സാഹിത്യകാരൻ കൽക്കി കൃഷ്!ണമൂർത്തിയുടെ വിശ്വപ്രസിദ്ധ ചരിത്ര നോവൽ പൊന്നിയിൻ സെൽവൻ ആധാരമാക്കിയാണ് മണിരത്!നം അതേ പേരിൽ തന്നെ രണ്ടു ഭാഗങ്ങളിലായി ദൃശ്യ സാക്ഷത്ക്കാരം നൽകിയിരിക്കുന്നത്. വിക്രം, കാർത്തി, ജയം രവി, ഐശ്വര്യാ റായ് ബച്ചൻ, തൃഷ കൃഷ്ണ, ശോഭിതാ ധൂലിപാല, ഐശ്വര്യ ലക്ഷ്മി, ജയചിത്ര, റഹ്മാൻ, ജയറാം, പ്രഭു, ശരത് കുമാർ, പാർഥിപൻ, വിക്രം പ്രഭു, ബാബു ആന്റണി, ലാൽ, റിയാസ് ഖാൻ, കിഷോർ അശ്വിൻ കാകുമാനു, റിയാസ് ഖാൻ, മോഹൻ റാം എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്നു. ആകാംക്ഷയോടെ കാത്തിരിക്കുന്ന ചിത്രം ഏപ്രിൽ 28നു തിയറ്ററുകളിലെത്തും.




## തമ്പാച്ചി ഉടൻ തിയേറ്ററുകളിലേക്ക്

രാഹുൽ മാധവ്, അപ്പാനി ശരത്, ആലിയ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ മനോജ് റ്റി യാദവ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന തമ്പാച്ചി എന്ന സിനിമയുടെ സെൻസറിങ് കഴിഞ്ഞു. യു സർട്ടിഫിക്കറ്റ് നേടിയ തമ്പാച്ചി ഉടൻ പ്രദർശനത്തിനെത്തിക്കാനുള്ള ഒരുക്കത്തിലാണ്.

സുധീർ കരമന, ചെമ്പിൽ അശോകൻ, വിജയ സി സേനൻ, സതീഷ് വെട്ടിക്കവല, ജോബി പാല, റാണ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ. ട്രൂ മൂവി മേക്കേഴ്സിന്റെ ബാനറിൽ സുനീഷ് സാമുവൽ നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം റിജു ആർ അമ്പാടി നിർവ്വഹിക്കുന്നു. സുമേഷ് സദാനന്ദ് എഴുതിയ വരികൾക്ക് ബിജിബാൽ സംഗീതം പകരുന്നു.

എഡിറ്റർ അയൂബ് ഖാൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ലൂമിനാർ ഫിലിം അക്കാദമി, പശ്ചാത്തല സംഗീതം ബിജിബാൽ, പ്രൊജക്റ്റ് ഡിസൈനർ എൻ.എസ്. രതീഷ്, പ്രൊഡക്ഷൻ കൺട്രോളർ ബാലചന്ദ്രൻ മഞ്ചാടി, കല ശില അനിൽ, മേക്കപ്പ് സിനി ലാൽ, വസ്ത്രാലങ്കാരം സുരേഷ് ഫിറ്റ് വെൽ, സ്റ്റിൽസ് റംസീൻ ബാവ, ഡിസൈൻ അനുലാൽ, അസോസിയേറ്റ് ഡയറക്ടർ സലീഷ് ദേവ പണിക്കർ, രാഹുൽ കൃഷ്ണ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ഷജീർ അഴീക്കോട്, പിആർഒ എ.എസ്. ദിനേശ്.



# പാടങ്ങൾ മണ്ണിട്ട് നികത്തി വിൽക്കുന്ന മാഫിയകൾ സജീവം

**ശൂരനാട്:** കുന്നത്തൂരിന്റെ നെല്ലറയായ ശൂരനാട്ടെ പാടങ്ങൾ മണ്ണിട്ട് നികത്തി വീട് നിർമാണത്തിനു വിൽക്കുന്ന മാഫിയകൾ സജീവമായി. നീർച്ചാലുകൾ അടയുന്നതോടെ ഏലാകൾ തരിശിടേണ്ട ഗതികേടിലാണു കർഷകർ. പള്ളിക്കലാറിനു സമാന്തരമായി കണ്ണെത്താദൂരത്തോളം നെൽ!ക്കൃഷി സജീവമായ ഏലാകളിലാണ് പരാതികളേറെയും.

പകൽ രാത്രി വ്യത്യാസമില്ലാതെ പോരുവഴിയിൽ നിന്ന് കുന്നിടിച്ച ശേഷം ടിപ്പർ ലോറികളിൽ മണ്ണ് എത്തിച്ചാണ് ശൂരനാട്ടെ പാടങ്ങൾ നികത്തുന്നത്. ശൂരനാട് വടക്ക് കിഴകിട, കൂരിക്കുഴി, ഓണമ്പിള്ളി, ആനയടി, ശൂരനാട് തെക്ക് പന്തീരാമ്പിള്ളി, കുമരൻചിറ, ചക്കുവള്ളി ചിറ ഏലാ എന്നിവിടങ്ങളിൽ കർഷകർ പരാതിയുമായി രംഗത്തെത്തി. നീരുറവകൾ അടഞ്ഞതോടെ വേനലിൽ ജലക്ഷാമവും രൂക്ഷമാണ്. ഏലാ തോടുകളുടെ സമാന്തരമായ വഴികളും ട്രാക്ടർ പാസേജും ഉപയോഗിച്ചാണ് ലോറികളിൽ മണ്ണ് എത്തുന്നത്.

ഭാരവാഹനങ്ങളുടെ സഞ്ചാരം കാരണം മിക്ക കോൺക്രീറ്റ് റോഡുകളും പൊട്ടിപ്പൊളിഞ്ഞു. വിവിധ സർക്കാർ വകുപ്പുകളുടെയും മുഖ്യധാരാ രാഷ്ട്രീയ കക്ഷികളുടെയും പിന്തുണയോടെയാണ് നിലം നികത്തുന്നതെന്നാണ് ആക്ഷേപം. ആദ്യഘട്ടമായി നിലം തരിശിട്ട ശേഷം പണകോരി വാഴ ചേമ്പും നടും. പതിയെ മണ്ണ് എത്തിച്ച് നികത്തുന്നതാണ് രീതി.

നാലു മുതൽ 10 സെന്റ് വരെ തുണ്ടുകളാക്കി വിൽക്കും. ഇതിനായി ഇടനിലക്കാർ സജീവമാണ്. നിലംനികത്തിയ ഭൂമിയിൽ വീട് നിർമാണത്തിനു അനുമതി ലഭിക്കുമെന്ന സൗകര്യം മുതലാക്കിയാണ് കച്ചവടം പുരോഗമിക്കുന്നത്. സർക്കാരിൽ നിന്നുള്ള അനുമതി തരപ്പെടുത്തി നൽകാമെന്ന ഉറപ്പിലാണ് വസ്തു കൈമാറുന്നത്.

കൊല്ലം, ആലപ്പുഴ ജില്ലാ അതിർത്തിയിലെ മണലിക്കൽ പുഞ്ചയിൽ നിന്നുള്ള ചെളിയെടുപ്പിനെ പറ്റിയും പരാതികൾ ശക്തമാണ്. നിലം നികത്തലിനും പ്രകൃതി ചൂഷണത്തിനുമെതിരെ പാടശേഖര സമിതികളും കർഷകരും പരാതികൾ നൽകിയെങ്കിലും അധികൃതരുടെ ഭാഗത്ത് നിന്നും ഫലപ്രദമായ ഇടപെടൽ ഉണ്ടായില്ല.



## വിഷുക്കണി ദർശനത്തിനൊരുങ്ങി സന്നിധാനം; തീർഥാടകപ്രവാഹം

**ശബരിമല:** വിഷു ദർശനത്തിനായി സന്നിധാനത്തേക്ക് ഭക്തരുടെ പ്രവാഹം. മേടം ഒന്നായ നാളെയാണ് വിഷുക്കണി ദർശനം. പുലരിയിൽ അയ്യപ്പനെ കണി കണ്ടുതൊഴുത് ശ്രീകോവിലിൽ നിന്നു വിഷു കൈനീട്ടം വാങ്ങാനായി നാടിന്റെ നാനാഭാഗങ്ങളിൽനിന്ന് തീർഥാടകരെത്തുന്നുണ്ട്. ഇന്നു രാത്രി മേൽശാന്തിയും കീഴ്ശാന്തിയും ചേർന്നു വിഷുക്കണി ഒരുക്കി നട അടയ്ക്കും. നാളെ പുലർച്ചെ 4ന് നട തുറന്ന് ആദ്യം അയ്യപ്പനെ കണി കാണിക്കും. പിന്നെ ഭക്തരെയും. തന്ത്രിയും മേൽശാന്തിയും ചേർന്ന് ഭക്തർക്ക് വിഷുക്കൈനീട്ടം നൽകും.

ഇന്നലെ പടിപൂജ, കളഭാഭിഷേകം എന്നിവ നടന്നു. തന്ത്രി കണ്ഠര് മഹേഷ് മോഹനര് കാർമികത്വം വഹിച്ചു. ശരണം വിളികൾ നിറഞ്ഞ അന്തരീക്ഷത്തിലായിരുന്നു പടിപൂജ.

18 പടിയിലും ഒരുക്കുകൾ വച്ച് തന്ത്രിയുടെ കാർമികത്വത്തിൽ പൂജിച്ചു. പടിപൂജ കണ്ടുതൊഴാൻ വൈകിട്ട് 5 മുതൽ തീർഥാടകർ കാത്തിരുന്നു. കിഴക്കേ മണ്ഡപത്തിൽ കലശം പൂജിച്ച് വാദ്യമേളങ്ങളോടെ ആഘോഷമായി എഴുന്നള്ളിച്ചായിരുന്നു കളഭാഭിഷേകം.

## ചെങ്ങന്നൂർ ഫെസ്റ്റിന് നിറപ്പകിട്ടോടെ തുടക്കം



**ചെങ്ങന്നൂർ:** നഗരത്തിന് ഉത്സവഛായ പകർന്നു ചെങ്ങന്നൂർ ഫെസ്റ്റിന് നിറപ്പകിട്ടോടെ തുടക്കം. ഫെസ്റ്റിനു മുന്നോടിയായി നടന്ന വിളംബരഘോഷയാത്ര നഗരത്തിന് ഉത്സവക്കാഴ്ചയായി. പ്രച്ഛന്നവേഷധാരികളും കളരിപ്പയറ്റും കരാട്ടെയും ഫ്ലോട്ടുകളുമൊക്കെ അണിനിരന്ന ഘോഷയാത്ര റെയിൽവേ സ്റ്റേഷൻ പരിസരത്തു നിന്നാരംഭിച്ചു ബിസിനസ് ഇന്ത്യ മൈതാനത്ത് സമാപിച്ചു. തുടർന്നു ജില്ലാ കലക്ടർ ഹരിത വി.കുമാർ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. ഫെസ്റ്റ് ചെയർമാൻ പി.എം.തോമസ് അധ്യക്ഷത വഹിച്ചു.

23 വരെ ബിസിനസ് ഇന്ത്യ മൈതാനത്തു നടക്കുന്ന ഫെസ്റ്റിൽ 80 സ്റ്റാളുകളുണ്ടാകും. ഫെസ്റ്റിനോടനുബന്ധിച്ച് വിവിധ ദിവസങ്ങളിൽ നടക്കുന്ന സാംസ്കാരിക സമ്മേളനങ്ങളിൽ ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ള, മന്ത്രിമാരായ സജി ചെറിയാൻ, പി. പ്രസാദ്, വി.എൻ. വാസവൻ, ആന്റണി രാജു, വീണ ജോർജ്, ഡപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, കൊടിക്കുന്നിൽ സുരേഷ് എംപി, മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ഔഷധി ചെയർപഴ്സൻ ശോഭനാ ജോർജ്, തുടങ്ങിയവർ പങ്കെടുക്കുമെന്നു ഫെസ്റ്റ് ചെയർമാൻ പി.എം. തോമസ് പറഞ്ഞു. വിവിധ സമ്മേളനങ്ങളിൽ വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ, ജനപ്രതിനിധികൾ, സാമൂഹിക സാംസ്കാരിക നേതാക്കൾ എന്നിവർ പങ്കെടുക്കും.

ഊട്ടി മാതൃകയിലുള്ള സസ്യ പുഷ്പ ഫല പ്രദർശനം. പുഷ്പമേള, അമ്യൂസ്മെന്റ് പാർക്ക്, കുടുംബശ്രീ ഭക്ഷ്യമേള, ചിത്രപ്രദർശനം, സയൻസ് എക്സിബിഷൻ, ഫ്ലവർ അറേഞ്ച്മെന്റ്. സെൽഫി പോയിന്റ് എന്നിവ ഫെസ്റ്റ് നഗറിൽ ക്രമീകരിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവർക്ക് ഫെസ്റ്റ് കമ്മിറ്റി ഏർപ്പെടുത്തിയിട്ടുള്ള അവാർഡുകൾ വിതരണം ചെയ്യും. മുതിർന്നവർക്കും വിദ്യാർഥികൾക്കുമായി വിവിധ കലാ കായിക സാഹിത്യ മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ സെമിനാറുകളും നടക്കും.

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ രാത്രി 8 മണി വരെയാണ് പ്രവേശനം. 50 രൂപയാണ് പാസിന്. വിവിധ ദിവസങ്ങളിൽ രാത്രി 8 മണി മുതൽ സിനിമ സീരിയൽ താരങ്ങളും കലാപ്രതിഭകളും പങ്കെടുക്കുന്ന കലാവിരുന്നും നടക്കും

## പൗരധ്വനി സംസ്ഥാനതല ഉദ്ഘാടനം മെയ് മൂന്നിന് മന്ത്രി വി ശിവൻകുട്ടി നിർവഹിക്കും

**തിരുവനന്തപുരം:** സംസ്ഥാനസാക്ഷരത മിഷൻ സാമൂഹ്യവിദ്യാഭ്യാസ പരിപാടിയായ പൗരധ്വനിയുടെ സംസ്ഥാനതല ഉദ്ഘാടനം മെയ് മൂന്നിന് ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി നിർവഹിക്കും. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നൂറ്ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ശാസ്ത്രബോധം, സ്വതന്ത്രചിന്ത, മതേതര കാഴ്ച്ചപ്പാട്, ജനാധിപത്യബോധം, ഭരണഘടന അവബോധം എന്നിവ വ്യക്തികളിൽ എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന സംഘാടക സമിതിയോഗം ഇളമ്പള്ളൂർ പഞ്ചായത്ത് പ്രസിഡന്റ് റജി കല്ലംവിള ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ജലജ ഗോപൻ, സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ ഡോ മുരുകദാസ്, വകുപ്പുതല ഉദ്യോഗസ്ഥർ, സാമൂഹ്യ രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## അരിക്കൊമ്പൻ ദൗത്യം നീളുന്നു; സിമന്റ് പാലത്തെ എസ്റ്റേറ്റ് അധികൃതർ പ്രതിസന്ധിയിൽ

**രാജകുമാരി:** അരിക്കൊമ്പൻ ദൗത്യം നീണ്ടുപോകുന്തോറും കുങ്കി ക്യാംപ് പ്രവർത്തിക്കുന്ന സിമന്റ് പാലത്തെ സ്വകാര്യ എസ്റ്റേറ്റ് അധികൃതർ പ്രതിസന്ധിയിൽ. എസ്റ്റേറ്റിൽ 8 സ്ഥിരം തൊഴിലാളികൾ താമസിച്ചിരുന്ന കെട്ടിടവും സ്ഥലവുമാണ് അരിക്കൊമ്പൻ ദൗത്യത്തിനായി വാടകയില്ലാതെ വിട്ടുനൽകിയത്. 4 കുങ്കിയാനകളെ പാർപ്പിച്ചിരിക്കുന്ന സ്ഥലവും ഈ എസ്റ്റേറ്റിന്റേതാണ്.

2 ദിവസത്തിനുള്ളിൽ ദൗത്യം പൂർത്തിയാക്കുമെന്നു പറഞ്ഞാണു വനം വകുപ്പ് അധികൃതർ സ്ഥലത്തു താൽക്കാലിക ക്യാംപൊരുക്കാൻ സൗകര്യം ചോദിച്ചതെന്ന് എസ്റ്റേറ്റ് അധികൃതർ പറയുന്നു. മാർച്ച് 20നു വിക്രം എന്ന അരിക്കൊമ്പനെ ക്യാംപിലെത്തിച്ചു. തുടർന്നു മറ്റ് 3 കുങ്കിയാനകളെയും എത്തിച്ചു. ദൗത്യസംഘാംഗങ്ങളും വനം വകുപ്പ് ജീവനക്കാരും ഉൾപ്പെടെ ഇരുപത്തഞ്ചോളം പേരാണു നിലവിൽ ഇവിടെ ക്യാംപ് ചെയ്യുന്നത്.

എസ്റ്റേറ്റിലെ ജോലിക്കാർക്കുള്ള സൗകര്യങ്ങളാണ് ഇവർ ഉപയോഗിക്കുന്നത്.

ദൗത്യം വേഗത്തിൽ പൂർത്തിയാക്കിയില്ലെങ്കിൽ എസ്റ്റേറ്റിന്റെ പ്രവർത്തനം അവതാളത്തിലാകുമെന്നു മാനേജ്മെന്റ് വ്യക്തമാക്കുന്നു. അതിനിടെ അരിക്കൊമ്പൻ ഇന്നലെ വെട്ടോന്തേരി ഭാഗത്തേക്കു പോയതായി വനം വകുപ്പ് അധികൃതർ വ്യക്തമാക്കി.

വേനൽ കടുത്തതിനാൽ അരിക്കൊമ്പൻ ജനവാസ മേഖലകളിലിറങ്ങാൻ സാധ്യത കൂടുതലാണെന്നു നാട്ടുകാർ പറയുന്നു.

# സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷിക ആഘോഷം ആലപ്പുഴയിൽ ഏപ്രിൽ 17 മുതൽ

**ആലപ്പുഴ :** രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള എന്റെ കേരളം പ്രദർശന വിപണന മേള ജില്ലയിൽ ഏപ്രിൽ 17 മുതൽ 23 വരെ ആലപ്പുഴ ബീച്ചിൽ നടക്കും. മേളയുടെ ഉദ്ഘാടനം ഏപ്രിൽ 17ന് വൈകുന്നേരം നാലിന് ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽകൃഷി മന്ത്രി പി. പ്രസാദ് നിർവഹിക്കും. യുവതയുടെ കേരളം, കേരളം ഒന്നാമത് എന്ന വിഷയങ്ങളെ ആസ്പദമാക്കിയാണ് മേള ആവിഷ്കരിച്ചിരിക്കുന്നത്. എം.പിമാരായ എ.എം. ആരിഫ്, കൊടിക്കുന്നിൽ സുരേഷ് എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും.കഴിഞ്ഞ രണ്ടു വർഷക്കാലം വിവിധ വകുപ്പുകളും ഏജൻസികളും മുഖേന വികസനക്ഷേമ മേഖലകളിൽ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ആവിഷ്കാരം, ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉത്പന്ന പ്രദർശനം, വിൽപ്പന, വിവിധ വകുപ്പുകളുടെ തത്സമയ സേവനങ്ങൾ, സെമിനാറുകൾ, പ്രശസ്ത കലാകാരന്മാരുടെ കലാവിരുന്നുകൾ തുടങ്ങിയവയാണ് പരിപാടികളുടെ ഭാഗമായി ക്രമീകരിച്ചിരിക്കുന്നത്. 200 സ്റ്റാളുകളാണ് എയർ കണ്ടീഷൻ ചെയ്ത ഹാംഗറിനുള്ളിൽ ഒരുക്കിയിരിക്കുന്നത്. വ്യവസായ വകുപ്പിന് കീഴിലെ എം.എസ്.എം.ഇ. യൂണിറ്റുകൾ, കുടുംബശ്രീ, സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവർ അണിനിരക്കുന്ന വിപണനമേള, ബി ടു ബി മീറ്റ്, പ്രൊജക്ട് റിപ്പോർട്ടുകൾ തയാറാക്കുന്നതിനും ധനസഹായത്തിന് വഴി കാട്ടുന്നതിനുമുള്ള ക്ലിനിക്കുകൾ, ടെക്നോളജി പ്രദർശനം, ചർച്ചാവേദി, ഭക്ഷ്യമേള, തത്സമയ മത്സരങ്ങൾ എന്നിവയും മേളയിൽ ഉണ്ടായിരിക്കും.മേളയിലെ അക്ഷയ കേന്ദ്രം സ്റ്റാളിൽ ആധാർ ഉൾപ്പെടെയുള്ള സേവനങ്ങൾ സൗജന്യമായി ലഭ്യമാകും. പൊലീസ്, കൃഷി, വ്യവസായം എന്നിവയുടെ പവലിയനുകൾ മേളയുടെ മാറ്റ് കൂട്ടും. എല്ലാ ദിവസവും വൈകുന്നേരം 6.30ന് ശ്രദ്ധേയരായ കലാകാരന്മാർ അവതരിപ്പിക്കുന്ന കലാപരിപാടികൾ അരങ്ങേറും.എല്ലാ ദിവസവും വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ രാവിലെയും ഉച്ചക്കുമായി സെമിനാറുകളും ബോധവത്കരണ പരിപാടികളും നടക്കും. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഏകോപനത്തിൽ കിഫ്ബിയുടെ പങ്കാളിത്തത്തോടെ ജില്ല ഭരണകൂടവും സർക്കാരിന്റെ വിവിധ വകുപ്പുകൾ, മിഷനുകൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയും ചേർന്നാണ് പ്രദർശനം ഒരുക്കുന്നത്. സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും തീം സ്റ്റാളുകൾ, തത്സമയ സേവനം നൽകുന്ന സ്റ്റാളുകൾ, വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിലുള്ള വിപണന സ്റ്റാളുകൾ, കുടുംബശ്രീ ഏകോപിപ്പിക്കുന്ന ഫുഡ്കോർട്ട്, സമ്മേളനങ്ങൾക്കും സെമിനാറുകൾക്കും കലാപരിപാടികൾക്കുമുള്ള വേദി എന്നിങ്ങനെയാണ് പ്രദർശന മേഖല വേർതിരിച്ചിരിക്കുന്നത്.ആധാർ രജിസ്ട്രേഷൻ, പുതുക്കൽ തുടങ്ങിയ സേവനങ്ങൾ തത്സമയം അക്ഷയയുടെ പവിലിയനിൽ ലഭിക്കും. റേഷൻ കാർഡ് സംബന്ധമായ പ്രശ്നങ്ങൾ ഭക്ഷ്യവകുപ്പിന്റെ സ്റ്റാളിൽ പരിഹരിക്കാം. റവന്യൂ സംബന്ധമായ സേവനങ്ങളുമായാണ് റവന്യൂ വകുപ്പിന്റെ സ്റ്റാൾ. മാലിന്യ സംസ്കരണത്തിലെ പുതിയ മാതൃകകൾ ശുചിത്വ മിഷൻ അവതരിപ്പിക്കും. യുവജനങ്ങൾക്കായി സേവനം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മൂന്ന് വിഭാഗങ്ങളിലായി സ്റ്റാളുകളൊരുക്കും. സ്റ്റാർട്ടപ്പ് മിഷൻ, തൊഴിൽ എംപ്ലോയ്മെന്റ് വകുപ്പുകൾ, പൊതുവിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, അസാപ് തുടങ്ങിയവയുടെ സ്റ്റാളുകളും ഈ വിഭാഗത്തിലുണ്ടാകും. ഊർജമേഖലയുമായി ബന്ധപ്പെട്ട നൂതന മാതൃകകൾ അനർട്ടിന്റെയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും സ്റ്റാളുകളിൽ പ്രദർശിപ്പിക്കും. കിഫ്ബിയുടെ പ്രത്യേക പവിലിയനിൽ കിഫ്ബി പദ്ധതികളുടെ അവതരണം നടക്കും.സഹകരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, സപ്ലൈകോ, എക്സൈസ്, ഫയർ ആൻഡ് റെസ്ക്യൂ, കെ.എസ്.ഐ.ഡി.സി, കിൻഫ്ര, മോട്ടോർ വെഹിക്കിൾ, പൊതുമരാമത്ത്, രജിസ്ട്രേഷൻ, സോഷ്യൽ ജസ്റ്റിസ്, വനിത ശിശുക്ഷേമം, സാമൂഹ്യനീതി, പട്ടികജാതി, പട്ടികവർഗം, കയർ, ലീഗൽ മെട്രോളജി, ഹോമിയോ, വനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളും പ്രദർശനത്തിൽ പങ്കെടുക്കും. കൃഷി, വനം, പൊലീസ് വകുപ്പുകളുടെ ഔട്ട് ഡോർ ഡിസ്പ്ലെ സോണുകളും സജ്ജമാക്കുന്നുണ്ട്. പൊലീസിന്റെ ആഭിമുഖ്യത്തിൽ ഡോഗ് ഷോ, വാഹന പ്രദർശനം, സ്വയം രക്ഷാ പരിശീലന പ്രദർശനം എന്നിവയും പ്രദർശന നഗരിയിൽ അരങ്ങേറും. തീം വിഭാഗത്തിലും വിൽപ്പന വിഭാഗത്തിലും മികച്ച മൂന്നു സ്റ്റാളുകൾക്ക് 23ന് വൈകിട്ട് നടക്കുന്ന സമാപന സമ്മേളനത്തിൽ സമ്മാനം നൽകും മേളയിലേക്കുള്ള പ്രവേശനം സൗജന്യമാണ്.മേളയുടെ ഉദ്ഘാടനത്തിന് മുന്നോടിയായി ഏപ്രിൽ 17 ന് മൂന്നുമണിക്ക് സാംസ്കാരിക ഘോഷയാത്ര സംഘടിപ്പിക്കും. എൽ എസ് ജി ഡി യുടെയും വിവിധ വകുപ്പുകളുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന ഘോഷയാത്രയിൽ ജില്ലയിലെ എംപിമാർ എംഎൽഎമാർ ജനപ്രതിനിധികൾ ജില്ലാ കളക്ടർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. കലക്ടറേറ്റിൽ നിന്നും ആരംഭിക്കുന്ന ഘോഷയാത്ര ഉദ്ഘാടന വേദിയിൽ സമാപിക്കും.




# താലൂക്ക് തലം മുതൽ എല്ലാ ആശുപത്രികളും സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളാക്കും: മന്ത്രി വീണാ ജോർജ്ജ്

**ആലപ്പുഴ:** താലൂക്ക് തലം മുതലുള്ള എല്ലാ ആശുപത്രികളും സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളാക്കാനാണ് ആർദ്രം മിഷനിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നതെന്നു ആരോഗ്യ മന്ത്രി വീണാ ജോർജ്. ചേർത്തല കരുവ നഗര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.സർക്കാർ ആശുപത്രികളിൽ എത്തുന്നവരുടെ എണ്ണം ദിനംപ്രതി വർധിക്കുകയാണ്. ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണം പരിശോധിച്ചാൽ 60 ശതമാനത്തിന് മുകളിൾ സർക്കാർ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ഇതിനനുസരിച്ചുള്ള ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. ഈ സാമ്പത്തിക വർഷം തന്നെ ചേർത്തല ആശുപത്രിയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചു മികച്ച ആശുപത്രിയായി മാറ്റിയെടുക്കുമെന്നും മന്ത്രി പറഞ്ഞു.നഗരാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ സേവനങ്ങളും പൂർണമായും സൗജന്യമാണ്. പൊതുജനാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളെ കൂടുതൽ ശാക്തീകരിക്കുക, പൊതുജനാരോഗ്യം ഉറപ്പാക്കുക, സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങളാണ് നഗര ആരോഗ്യ കേന്ദ്രത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് അധ്യക്ഷത വഹിച്ചു. ചേർത്തല നഗരസഭ ചെയർപേഴ്സൺ ഷേർളി ഭാർഗവൻ, വൈസ് ചെയർമാൻ ടി. എസ് അജയകുമാർ, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷന്മാരായ ശോഭ ജോഷി, ജി. രഞ്ജിത്ത്, ലിസി ടോമി, എ.എസ്. സാബു, ഏലിക്കുട്ടി ജോൺ, മുനിസിപ്പൽ സെക്രട്ടറി ടി. കെ സുജിത്ത്, പിന്നാക്ക വികസന കോർപ്പറേഷൻ ചെയർമാൻ കെ. പ്രസാദ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജമുനാ വർഗീസ്, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കെ. ആർ രാധാകൃഷ്ണൻ, താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. എൻ. അനിൽകുമാർ, ആർദ്രം മിഷൻ ജില്ലാ നോഡൽ ഓഫീസർ ഡോ. ഡീവർ പ്രഹ്ലാദ്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



## തൊഴിൽ മേള 19ന്

**ആലപ്പുഴ:** കായംകുളം ഗവൺമെന്റ് ഐ.ടി.ഐ. പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 19ന് രാവിലെ ഒമ്പത് മണി മുതൽ തൊഴിൽ മേള നടത്തും. ഐ.ടി.ഐ ട്രേഡുകൾ പാസ്സായവർക്ക് പങ്കെടുക്കാം.ഫോൺ :9496330885, 7403259990, 9947691050. ഇമെയിൽ: placementcellitikylm@gmail.com.

## ബിസിനസ്സ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം

**ആലപ്പുഴ:** പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ഏഴ് ദിവസത്തെ ബിസിനസ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. 2023 മെയ് ഒമ്പതു മുതൽ 17 വരെ കളമശ്ശേരിയിലുള്ള കെ.ഐ.ഇ.ഡി. ക്യാമ്പസ്സിലാണ് പരിശീലനം. നിലവിൽ സംരംഭം തുടങ്ങി അഞ്ച് വർഷത്തിൽ താഴെ പ്രവർത്തി പരിചയമുള്ളവർക്ക് പങ്കെടുക്കാം.ലീഗൽ ആൻഡ് സ്റ്റാറ്റിയൂട്ടറി കംപ്ലയൻസ്, പാക്കേജിങ്, ബ്രാൻഡിങ്, സ്ട്രാറ്റജിക് മാർക്കറ്റിങ്, വർക്കിങ് കാപിറ്റൽ മാനേജ്മെന്റ്, അഡ്വാൻസ്ഡ് ഡിജിറ്റൽ, മാർക്കറ്റിങ് ടൈം ആൻഡ് സ്ട്രസ് മാനേജ്മെന്റ്, സ്കീംസ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് പരിശീലനം. കോഴ്സ് ഫീ: 4130 രൂപ (സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി.എസ്.ടി. ഉൾപ്പടെ) താത്പര്യമുള്ളവർ www.kied.info വെബ്സൈറ്റ് വഴി ഓൺലൈനായി മെയ് ഒന്നിന് മുൻപ് അപേക്ഷ നൽകണം. ഫോൺ: 0484 2532890/2550322/9605542061.

## ഹോംഗാർഡ്സ് നിയമനം: അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** ജില്ലയിൽ പുരുഷ/വനിതാ ഹോംഗാർഡുകളുടെ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചു. എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷ പാസായവരും നല്ല ശാരീരിക ക്ഷമതയുള്ളവർക്കും അപേക്ഷിക്കാം. എസ്.എസ്.എൽ.സി. പാസായവരുടെ അഭാവത്തിൽ ഏഴാം ക്ലാസ് പാസായവരെയും പരിഗണിക്കും. ആർമി, നേവി, എയർഫോഴ്സ്, ബി.എസ്.എഫ്, സി.ആർ.പി.എഫ്, എൻ.എസ്.ജി, എസ്.എസ്.ബി, ആസാം റൈഫിൾസ് തുടങ്ങിയ സൈനിക അർധസൈനിക വിഭാഗങ്ങളിൽ നിന്നും പോലീസ്, എക്സൈസ്, ഫോറസ്റ്റ്, ജയിൽ എന്നീ സംസ്ഥാന സർവീസുകളിൽ നിന്നും വിരമിച്ച സേനാംഗങ്ങളെയാണ് നിയമിക്കുന്നത്. 3558 ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. പ്രതിദിനം 780 രൂപ വേതനം ലഭിക്കും.
അപേക്ഷാ ഫോറത്തിന്റെ മാതൃക ജില്ല ഫയർ ആന്റ് റെസ്ക്യൂ സർവീസസ് ഓഫീസിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ജില്ല ഫയർ ആന്റ് റെസ്ക്യൂ സർവീസസ് ഓഫീസിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകിട്ട് അഞ്ചുവരെ സ്വീകരിക്കും. അവസാന തീയതി മെയ് 31. ഫോൺ: 04772230303, 04772251211.

# മെഡിക്കൽ എൻട്രൻസ് പരീക്ഷ : ഐ.എം.എയുടെ പരിശീലന പരിപാടിക്ക് കൊച്ചിയിൽ തുടക്കം

**ഏപ്രിൽ 16 ന് തിരുവനന്തപുരം,കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളജുകളിൽ പരിശീലന ക്യാമ്പും മോഡൽ പരീക്ഷയും നടക്കും**




**മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്കായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും(ഐ.എം.എ) ഐ.എം.എ മെഡിക്കൽ വിദ്യാർഥി വിഭാഗമായ മെഡിക്കൽ സ്റ്റുഡന്റ്സ് നെറ്റ് വർക്കും(എം.എസ്.എൻ) ചേർന്ന് ഒരുക്കിയിരിക്കുന്ന ' അണ്ടർ ഗ്രാജുവേറ്റ് മോഡൽ മെഡിക്കൽ എൻട്രൻസ് കോഗ്നോസ്കോ 'പരിശീലന പരിപാടിയുടെ എറണാകുളം കളമശേരി മെഡിക്കൽ കോളജിൽ നടന്ന ക്യാമ്പിൽ എം.എസ്.എൻ സംസ്ഥാന കൺവീനർ റാബിയ സിദ്ദീഖ് സംസാരിക്കുന്നു.നീവ് മറിയം റോബർട്ട്,റെനി ആന്റോ സെബാസ്റ്റിയൻ,ഡോ.ഗീതാ നായർ , എം.ആദിത്യദേവ്,അതുൽ.എസ് കുമാർ, വിശ്വനാഥ് കണ്ണൻ തുടങ്ങിയവർ സമീപം**

കൊച്ചി: മെഡിക്കൽ എൻട്രൻസ് പരീക്ഷ പിഴവു കൂടാതെ എഴുതുന്നതിനും ഉന്നത വിജയം നേടുന്നതിനുമായി വിദ്യാർഥികൾക്കായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും(ഐ.എം.എ) ഐ.എം.എ മെഡിക്കൽ വിദ്യാർഥി വിഭാഗമായ മെഡിക്കൽ സ്റ്റുഡന്റ്സ് നെറ്റ് വർക്കും(എം.എസ്.എൻ) ചേർന്ന് ഒരുക്കിയിരിക്കുന്ന ' അണ്ടർ ഗ്രാജുവേറ്റ് മോഡൽ മെഡിക്കൽ എൻട്രൻസ് കോഗ്നോസ്കോ 'പരിശീലന പരിപാടിയുടെ ആദ്യ ക്യാമ്പും മോഡൽ എൻട്രൻസ് പരീക്ഷയും എറണാകുളം കളമശേരി മെഡിക്കൽ കോളജിൽ നടന്നു. എം.എസ്.എൻ കോഓർഡിനേറ്റർ ഡോ.ഗീതാ നായർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എം.എസ്.എൻ സംസ്ഥാന കൺവീനർ റാബിയ സിദ്ദീഖ്, കോകൺവീനർ അതുൽ.എസ്.കുമാർ, ഇവന്റ് കമ്മിറ്റി കൺവീനർ വിശ്വനാഥ് കണ്ണൻ, എം.എസ്.എൻ സംസ്ഥാന കൗൺസിലംഗം ജീവൻ ജേക്കബ്ബ് തുടങ്ങിയവർ സംസാരിച്ചു. പരീക്ഷ സമയത്തുണ്ടാകുന്ന സമ്മർദ്ദങ്ങളെ എങ്ങനെ അതീജീവിക്കാം എന്നത് സംബന്ധിച്ച് എറണാകുളം ഗവ.മെഡിക്കൽ കോളജിലെ സൈക്യാട്രിസ്റ്റ് ഡോ.ജിനു മൊയ്തീൻ വിദ്യാർഥികൾക്ക് ക്ലാസ് എടുത്തു.

കഴിഞ്ഞ തവണത്തെ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ ഉയർന്ന റാങ്കോടെ വിജയം നേടിയ നീവ് മറിയം റോബർട്ട്, റെനി ആന്റോ സെബാസ്റ്റിയൻ, എം.ആദിത്യദേവ് എന്നിവർ പരീക്ഷയിൽ സമയം ലാഭിക്കാനുള്ള പൊടിക്കൈകൾ, സാധാരണ വരാറുള്ള പിഴവുകൾ ഒഴിവാക്കാനുള്ള മാർഗങ്ങൾ എന്നിവ സംബന്ധിച്ച് വിദ്യാർഥികളുമായി പങ്കുവെച്ചു. വിദ്യാർഥികൾക്ക് മെഡിക്കൽ വിദ്യാർഥികളുമായി സംസാരിച്ച് തങ്ങളുടെ സംശയങ്ങൾ പരിഹരിക്കാനും ക്യാമ്പിൽ അവസരം നൽകി. ഏപ്രിൽ 16 ന് തിരുവനന്തപുരം മെഡിക്കൽ കോളജിലും കോഴിക്കോട് മെഡിക്കൽ കോളജിലുമാണ് അടുത്ത പരിശീലന ക്യാമ്പും മോഡൽ പരീക്ഷയും നടത്തുന്നത്. കൊവിഡിനു മുമ്പ് സമാന രീതിയിൽ പരിശീല ക്യാമ്പുകൾ നടത്തിയിരുന്നു.കൊവിഡിനു ശേഷം ഇതാദ്യമായിട്ടാണ് ഇത്തരത്തിൽ വീണ്ടും പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.വരും വർഷങ്ങളിലും ക്യാമ്പുകൾ സംഘടിപ്പിക്കുമെന്ന് എസ്.എൻ കോഓർഡിനേറ്റർ ഡോ.ഗീതാ നായർ,എം.എസ്.എൻ സംസ്ഥാന കൺവീനർ റാബിയ സിദ്ദീഖ്,കോകൺവീനർ അതുൽ.എസ്.കുമാർ എന്നിവർ പറഞ്ഞു.പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർഥികൾ എം.എസ്.എൻ സംസ്ഥാന കോകൺവീനർ അതുൽ.എസ്.കുമാർ **9847823893** എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുകയോ http://cognosco.vercel.app സന്ദർശിക്കുകയോ ചെയ്യണമെന്നും ഇവർ അറിയിച്ചു.

# സീറോ വേസ്റ്റ് കൊച്ചി എക്സിബിഷൻ അവസാനിച്ചു



**കൊച്ചി:** കൊച്ചി നഗരസഭയിൽ മാലിന്യ സംസ്കരണ സംവിധാനം കൊണ്ടുവരുന്നതിലേക്കായി സർക്കാരും ശുചിത്വ മിഷനും കൊച്ചി നഗരസഭയും സംയുക്തമായി സംഘടിപ്പിക്കുന്ന വിവിധങ്ങളായ പ്രവർത്തങ്ങളുടെ ഭാഗമായി നടത്തിയ പനമ്പിള്ളിനഗറിലെ എക്സിബിഷൻ സമാപിച്ചു. ഉറവിട മാലിന്യ സംസ്കാരണത്തിന് വേണ്ട ഉപകരണങ്ങളുടെ പ്രദർശനം കാണാൻ പത്തു വാർഡുകളിൽ നിന്നും കഴിഞ്ഞ മൂന്ന് ദിവസങ്ങളിലായി നിരവധി നഗരവാസികളാണ് എത്തിയത്. സാങ്കേതിക സഹായത്തിനായി ശുചിത്വ മിഷന്റെ അംഗീകാരം നേടിയ 12 ഏജൻസികൾ എക്സിബിഷനിൽ അവരുടെ മിഷ്യനുകൾ പ്രദർശിപ്പിക്കുകയും സന്ദർശകരുടെ സംശയങ്ങൾക്ക് പരിഹാരം നിർദേശിക്കുകയുമുണ്ടായി. 'വേസ്റ്റ് മാനേജ്മെന്റ്' എന്ന വിഷയത്തിൽ രണ്ട് ദിവസം ഇതിനോടാനുബന്ധിച്ചു നടന്ന സെമിനാറുകൾ കൂടുതൽ പ്രയോജനകരമായിരുന്നു. കുസാറ്റിലെ പ്രോ: ഡോ. പി ഷൈജു, ഡോ. സി എൻ മനോജ്, സക്കറിയ, ശുചിത്വ മിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ആർ.എസ് അമീർഷ എന്നിവർ സെമിനാറുകളിൽ പങ്കെടുത്തു. എറണാകുളം ഓൾ ഇന്ത്യ റേഡിയോ എഫ് എം കൊച്ചി, റെസിഡന്റ്സ് അസോസിയേഷൻ എന്നിവർ ചേർന്ന് എല്ലാ ദിവസവും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പനമ്പിള്ളി നഗറിന്റെ പരിസര പ്രദേശങ്ങൾ അടക്കമുള്ള റെസിഡന്റ്സ് അസോസിയേഷനുകളിൽ നിന്നുള്ളവരുടെ പങ്കാളിത്തം എക്സിബിഷൻ ശ്രദ്ധേയമായി. പനമ്പിള്ളി നഗറിലെ കുട്ടികൾ രൂപകൽപ്പന ചെയ്ത 1ല്യൂ ാമലൈ@സീരവശ എന്ന സ്റ്റിക്കർ വീടുകളിൽ പതിക്കുന്നതിനായി പ്രകാശനം ചെയ്തു. സമാപന സമ്മേളനം മേയർ അഡ്വ: എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു.കൊച്ചി നഗരസഭയുടെ വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ റനീഷ്, കൗൺസിലറായ ലതിക ടീച്ചർ , ശുചിത്വ മിഷൻ ജില്ലാ കോഓഡിനേറ്റർ പി എച്ച് ഷൈൻ എന്നിവർ പങ്കെടുത്തു. പി.എൻ.ആർ അസോസിയേഷൻ സെക്രട്ടറി മീന ബഞ്ചമിൻ നന്ദി രേഖപ്പെടുത്തി. വിവിധ കലാപരിപാടികളോടെ പ്രദർശന മേള അവസാനിച്ചു.

# ചൂർണിക്കര പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നു

**കൊച്ചി:** പൊതുജനാരോഗ്യ മേഖലയിൽ പുത്തൻ പ്രതീക്ഷകളുമായി ചൂർണിക്കര പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നു. ഏപ്രിൽ 17 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. അൻവർ സാദത്ത് എം.എൽ.എ അധ്യക്ഷത വഹിക്കും. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നത്. പഞ്ചായത്ത് വിഹിതം ഉൾപ്പെടെ 34 ലക്ഷം രൂപ ചെലവിലാണ് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം. സർക്കാർ ആശുപത്രികളുടെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, പൊതുജനങ്ങൾക്ക് പരമാവധി സൗജന്യ ചികിത്സ ഉറപ്പുവരുത്തുക എന്നീ ലക്ഷ്യത്തോടെയാണ് ആർദ്രം മിഷൻ പ്രവർത്തിക്കുന്നത്. കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതോടെ ആശുപത്രി കൂടുതൽ രോഗീ സൗഹൃദമാകും. നിലവിൽ ഉച്ചയ്ക്ക് രണ്ട് വരെ പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രത്തിൽ വൈകിട്ട് ആറു വരെ ഡോക്ടറുടെ സേവനം ലഭ്യമാകും. കൂടുതലായി ഒരു ഡോക്ടറെയും ഫാർമസിസ്റ്റിനെയും നിയമിക്കും. പ്രീ ചെക്കപ്പിനുള്ള സൗകര്യം, മെച്ചപ്പെട്ട ലാബ്, മാനസീക രോഗങ്ങൾക്കും ശ്വാസകോശ രോഗങ്ങൾക്കും ആഴ്ചയിൽ ഒരിക്കൽ സ്പെഷ്യാലിറ്റി ക്ലീനിക്കുകൾ മുതലായ സൗകര്യം ലഭ്യമാകും.

# ശുചിത്വത്തിനൊപ്പം കളമശ്ശേരി; പ്രവർത്തനങ്ങൾ ഊർജിതമാക്കും

**കൊച്ചി:** .ശുചിത്വത്തിനൊപ്പം കളമശ്ശേരി. ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ തീരുമാനം. ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെ നേതൃത്വത്തിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം.എല്ലാ വീടുകളിലും ഉറവിട മാലിന്യസംസ്കരണം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് അതത് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പാക്കണം. സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ച് പ്രചാരണപരിപാടികൾ ഊർജിതമാക്കണമെന്നും സ്കൂളുകളിൽ ഉറവിടമാലിന്യ സംസ്കരണം ഉറപ്പാക്കണമെന്നും കളക്ടർ യോഗത്തിൽ നിർദേശിച്ചു.

ജൈവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള വീഡിയോകൾ പരമാവധി ജനങ്ങളിലേക്ക് എത്തിക്കണം. ഗ്രാമപഞ്ചായത്ത് തലത്തിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ശുചിത്വ മിഷൻ എക്സിബിഷനുകൾ സംഘടിപ്പിക്കണം. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തണം. വീടുകളിൽ സ്ഥലം ഉള്ളവർക്കു കമ്പോസ്റ്റ് സ്ഥാപിക്കാനും സ്ഥലപരിമിതി ഉള്ളവർക്ക് ബയോബിന്നുകൾ നൽകാനും ധാരണയായി. ഹരിത അയൽക്കൂട്ടങ്ങൾ രൂപീകരിക്കണം. പൊതു സ്ഥാപനങ്ങൾ ഹരിത ഓഫീസുകളാക്കാനും ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും യോഗത്തിൽ തീരുമാനമായി.കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ വിവിധ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു.

# ജീവനക്കാർക്ക് വിഷുക്കൈനീട്ടവുമായി ജില്ലാ കളക്ടർ

**കൊച്ചി:** സഹപ്രവർത്തകർക്കും കളക്ടറേറ്റ് ജീവനക്കാർക്കും ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് വിഷുക്കൈനീട്ടം സമ്മാനിച്ചു. ആദ്യം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാനാണ് കൈനീട്ടം നൽകിയത്. തുടർന്ന് മറ്റ് സഹപ്രവർത്തകർക്കും കളക്ടറേറ്റിലെ മറ്റ് ജീവനക്കാർക്കും അവരവരുടെ സെക്ഷനിൽ നേരിട്ടെത്തിയാണ് അദ്ദേഹം വിഷുക്കൈനീട്ടം സമ്മാനിച്ചത്. കൈ നീട്ടം നൽകുന്ന തോടൊപ്പം എല്ലാവർക്കും വിഷു ആശംസകളും കളക്ടർ നേർന്നു.

# ടിവിഎസ് യൂറോഗ്രിപ്പ് സൂപ്പർ ബൈക്ക്, അഡ്വഞ്ചർ ടൂറിങ് ടയറുകൾ പുറത്തിറക്കി




**ചെന്നൈ:** ഇന്ത്യയിലെ മുൻനിര 2, 3 വീലർ ടയർ ബ്രാൻഡായ ടി വി എസ് യൂറോഗ്രിപ്പ് അഡ്വഞ്ചർ ടൂറിംഗ് ടയറുകൾ , സൂപ്പർബൈക്ക് ടയറുകൾ എന്നിവ പുറത്തിറക്കി. ക്രിക്കറ്റ് താരങ്ങളായ എം.എസ് ധോണി,അജിങ്ക്യ രഹാനെ, മോയിൻ അലി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.സാഹസിക ടൂറിങ്ങിന്റെയും സൂപ്പർബൈക്ക് ടയറുകളുടെയും ഒരു ശ്രേണി പുറത്തിറക്കുക എന്നത് തങ്ങളെ സംബന്ധിച്ച് ഒരു വലിയ നാഴികക്കല്ലാണെന്നും ഇതിനകം തന്നെ ഈ വിഭാഗത്തിലെ ഏറ്റവും വിശാലമായ ഉൽപ്പന്ന ശ്രേണിയുള്ള, കമ്പനിയുടെ ഉൽപ്പന്ന വിഭാഗത്തെ കൂടുതൽ വിപുലീകരിക്കുന്നതാണിതെന്നും ടിവിഎസ് ശ്രീചക്ര ലിമിറ്റഡിന്റെ ഇ വി പി, സെയിൽസ് ആൻഡ് മാർക്കറ്റിംഗ് പി മാധവൻ പറഞ്ഞു. ഉയർന്ന പ്രവർത്തനക്ഷമതയുള്ള ഈ ഉൽപ്പന്നങ്ങൾ യൂറോപ്പിൽ രൂപകല്പന ചെയ്യുകയും ഇന്ത്യൻ റോഡ് സാഹചര്യങ്ങൾക്കനുസൃതമായി നിർമ്മിക്കുകയും ചെയ്തിരിക്കുന്നു. ഈ ഉൽപ്പന്നങ്ങളിൽ പലതും ഇതിനകം അന്താരാഷ്ട്രതലത്തിൽ ലോഞ്ച് ചെയ്തിട്ടുണ്ട്, മാത്രമല്ല വ്യാപാര വിപണിയിൽ നിന്നും ഉപഭോക്താക്കളിൽ നിന്നും ഞങ്ങൾക്ക് തുടക്കത്തിൽ തന്നെ ശക്തമായ അനുകൂല പ്രതികരണങ്ങളാണുള്ളത്, അതുകൊണ്ട് തന്നെ ഇവ ഇന്ത്യൻ വിപണിയിൽ എത്തിക്കുന്നതിൽ തങ്ങൾക്ക് വലിയ സന്തോഷമുണ്ടെന്നും പി മാധവൻ പറഞ്ഞു. ചടങ്ങിൽ, മോട്ടോർസൈക്കിൾ ട്യൂബ്ലെസ് വിഭാഗത്തിലെ മറ്റ് റേഞ്ച് എക്സ്റ്റൻഷനുകൾക്കൊപ്പം റോഡ്ഹൗണ്ട്, ഡ്യൂറട്രെയിൽ, ടെറാബൈറ്റ് തുടങ്ങിയ പുതിയ ഉൽപ്പന്നങ്ങളും കമ്പനി അവതരിപ്പിച്ചു.

# 5 ലക്ഷം കാർ വിറ്റഴിച്ച് ടാറ്റ മോട്ടോർസ് നെക്സോൺ




**കൊച്ചി:** വിൽപ്പനയിൽ മറ്റൊരു നാഴികകല്ല് പിന്നിട്ട് ടാറ്റ നെക്സോൺ. അഞ്ച് ലക്ഷം യൂണിറ്റ് എന്ന റെക്കോർഡ് നേട്ടമാണ് ടാറ്റ നെക്സോൺ സ്വന്തമാക്കിയിരിക്കുന്നത്. ഗ്ലോബൽ എൻസിപിയുടെ 5 സ്റ്റാർ അഡൾട്ട് റേറ്റിംഗ് ലഭിച്ച ആദ്യ ഇന്ത്യൻ നിർമ്മിത കാറാണ് നെക്സോൺ. നാല് ലക്ഷം യൂണിറ്റ് വിൽപ്പന എന്ന നാഴികക്കല്ല് പിന്നിട്ടതിന് ശേഷം വെറും ആറ് മാസത്തിനുള്ളിലാണ് നെക്സോണിന്റെ ഈ നേട്ടം. നിർമാണത്തിന്റെ ആദ്യ ലക്ഷം ഒരു വർഷവും 10 മാസം കൊണ്ടും രണ്ടു ലക്ഷം ഒരു വർഷവും 11 മാസം കൊണ്ടും നേടിയപ്പോൾ. മൂന്നു ലക്ഷം 8 മാസം കൊണ്ടുമാണ് പിന്നിട്ടത്. പെട്രോൾ, ഡീസൽ, ഇലക്ട്രിക് വകഭേദങ്ങളിലായി നെക്സോൺ വിൽപനയിലുണ്ട്. സുരക്ഷയും ബിൽഡ് ക്വാളിറ്റിയുമാണ് നെക്സോണിനെ ജനങ്ങൾക്കിടയിൽ പ്രിയപ്പെട്ടതാക്കിയ ഒരു ഘടകം.

# ഡബ്ല്യുഎച്ച്1000എക്സ്എം5 ഹെഡ്ഫോൺ മിഡ്നൈറ്റ് ബ്ലൂ നിറത്തിൽ




**കൊച്ചി:** സോണി ഇന്ത്യ, ജനപ്രിയ ഡബ്ല്യുഎച്ച്1000എക്സ്എം5 വയർലെസ് ഹെഡ്ഫോൺ പുതിയ മിഡ്നൈറ്റ് ബ്ലൂ നിറത്തിൽ അവതരിപ്പിച്ചു. 2022ലാണ് സോണി നോയ്സ് ക്യാൻസലേഷൻ ഉൾപ്പെടെയുള്ള നിരവധി സാങ്കേതിക സവിശേഷതകളുമായി ഡബ്ല്യുഎച്ച്1000എക്സ്എം5 വിപണിയിൽ അവതരിപ്പിച്ചത്. തുടർന്ന് മികച്ച ശബ്ദ നിലവാരത്തിനും, ഈ വിഭാഗത്തിലെ ഏറ്റവും മികച്ച നോയ്സ് ക്യാൻസലേഷൻ ഫീച്ചറിന് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങളും ഈ വയർലെസ് ഹെഡ്ഫോണുകൾ നേടിയിരുന്നു.മിഡ്നൈറ്റ് ബ്ലൂ നിറത്തിലുള്ള ഡബ്ല്യുഎച്ച്1000എക്സ്എം5 2023 ഏപ്രിൽ 14 മുതൽ അാമീി.ശി വഴി മാത്രമായിരിക്കും ഇന്ത്യയിൽ ലഭ്യമാവുക.

# വേൾഡ് ബാങ്ക് പ്രതിനിധികൾ ടെക്നോപാർക്ക് സന്ദർശിച്ചു



**തിരുവനന്തപുരം:**വേൾഡ് ബാങ്ക്, സിംഗപ്പൂരിൽ നിന്നുള്ള പ്രതിനിധികൾ ടെക്നോപാർക്ക് സന്ദർശിച്ചു. കേരളാ അർബൻ പ്രൊജക്ട് ടീം ലീഡർ സിയു ജെറി ചെൻ (അർബൻ എക്കണോമിസ്റ്റ്), സോങ്സു ചോയ് (അർബൻ എക്കണോമിസ്റ്റ്), റിബി റേച്ചൽ മാത്യു (അർബൻ റിസേർച്ചർ കൺസൾടന്റ്) എന്നിവരാണ് ടെക്നോപാർക്കിലെത്തിയത്. കേരളത്തിന്റെ സാമ്പത്തികവും സ്ഥലപരവുമായ വികസനം വിലയിരുത്തുന്നതിനായി എത്തിയ സംഘം ഐ.ടി മേഖലയിലെ വളർച്ചാ സാധ്യതകളെക്കുറിച്ചും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ അത് ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും ചോദിച്ചറിഞ്ഞു. പാർക്ക് സെന്ററിൽ നടന്ന കൂടിക്കാഴ്ച്ചയിൽ ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട), കേരളാ ഐ.ടി പാർക്ക്സ് സി.എം.ഒ മഞ്ജിത്ത് ചെറിയാൻ, ടെക്നോപാർക്ക് ജനറൽ മാനേജർ (പ്രൊജക്ട്സ്) മാധവൻ പ്രവീൺ, സി.എഫ്.ഒ ജയന്തി എൽ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# ഓൺലൈൻ തട്ടിപ്പിനെതിരേ കല്യാൺ ജൂവലേഴ്സ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ആഭരണ ബ്രാൻഡുകളിലൊന്നായ കല്യാൺ ജൂവലേഴ്സിന്റെ പേര് ദുരുപയോഗിച്ച് ആർക്കും സംശയം തോന്നാത്ത രീതിയിൽ ഉപയോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുന്ന ഓൺലൈൻ തട്ടിപ്പിനെക്കുറിച്ച് ഉപയോക്താക്കൾക്ക് മുന്നറിയിപ്പുമായി കല്യാൺ ജുവലേഴ്സ്.കല്യാൺ ജൂവലേഴ്സിൻറെ മുപ്പതാം വാർഷികത്തോടനുബന്ധിച്ച് 22 കാരറ്റ് സ്വർണം സമ്മാനമായി നേടാം എന്ന് പറഞ്ഞ് വാട്ട്സ് ആപിലും സോഷ്യൽ മീഡിയയിലും സന്ദേശങ്ങളയച്ചാണ് തട്ടിപ്പുകാർ പ്രവർത്തിക്കുന്നത്. ലിങ്കിൽ ക്ലിക്ക് ചെയ്യുന്നതോടെ ഉപയോക്താവിന്റെ വ്യക്തിഗത വിവരങ്ങൾ ഓരോന്നായി ആവശ്യപ്പെടുകയാണ്.ഈ സമ്മാന പദ്ധതിയുമായി കല്യാൺ ജൂവലേഴ്സ് ഇന്ത്യ ലിമിറ്റഡിന് യാതൊരു ബന്ധമൊന്നുമില്ലെന്ന് കല്യാൺ ജൂവലേഴ്സ് വ്യക്തമാക്കി. ഈ തട്ടിപ്പ് ചൂണ്ടിക്കാട്ടി തൃശൂർ പോലീസിലെ സൈബർ ക്രൈം വിഭാഗത്തിൽ കമ്പനി പരാതി നൽകുകയും അന്വേഷണത്തിൽ അധികൃതരുമായി സഹകരിക്കുകയും ചെയ്യുന്നുണ്ട്. വ്യക്തിയുടെ സ്വകാര്യ, സാമ്പത്തികവിവരങ്ങൾ തട്ടിയെടുക്കുന്ന ഫിഷിംഗിലേയ്ക്കും ഓൺലൈൻ ആക്രമണത്തിലേയ്ക്കും നയിക്കാവുന്ന പരിചയമില്ലാത്ത ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നതിന്റെ അപകടത്തേക്കുറിച്ച് കമ്പനി ഉപയോക്താക്കൾക്ക് മുന്നറിയിപ്പും നൽകുന്നുണ്ട്.

# ' മലൈക്കോട്ടൈ വാലിബൻ ' ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി



**കൊച്ചി:** ഒരു സിനിമയുടെ പ്രഖ്യാപനം മുതൽ പ്രേക്ഷകർ ആവേശത്തോടെ ഓരോ അപ്ഡേറ്റ്സും ആഘോഷമാക്കുന്ന ചിത്രമാണ് മലൈക്കോട്ടൈ വാലിബൻ. മലയാളത്തിന്റെ കംപ്ലീറ്റ് ആക്ടർ മോഹൻലാലും ബ്രില്ലിയന്റ് ക്രാഫ്റ്റ്സ്മാൻ ലിജോ ജോസ് പെല്ലിശ്ശേരിയും ഒരുമിക്കുന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് വിഷു ദിനത്തിൽ പ്രേക്ഷകരിലേക്ക് എത്തിയിരിക്കുന്നു. തിയേറ്ററിൽ പ്രകമ്പനം സൃഷ്ടിക്കുമെന്നുറപ്പുള്ള തീപ്പൊരി ലുക്കിൽ മോഹൻലാൽ പ്രത്യക്ഷപ്പെടുന്ന ഫസ്റ്റ് ലുക്ക് പോസ്റ്റർ പ്രേക്ഷകരിൽ കൂടുതൽ ആവേശമാണ് സമ്മാനിക്കുന്നത്. കംപ്ലീറ്റ് ആക്ടറിന്റെ അഭിനയ ജീവിതത്തിലെ ഏറ്റവും മികച്ച കഥാപാത്രം തന്നെയാകും എന്ന പ്രതീക്ഷ നിലനിർത്തി തന്നെയാണ് കരുത്തനായ കഥാനായകന്റെ രൂപം മലയാളികൾ ഏറ്റെടുക്കുന്നത്.ജോൺ മേരി ക്രിയേറ്റിവിന്റെ ബാനറിൽ ഷിബു ബേബി ജോൺ, സെഞ്ചുറി ഫിലിംസിന്റെ ബാനറിൽ കൊച്ചുമോൻ, മാക്സ് ലാബിന്റെ അനൂപ് എന്നിവർ ചേർന്നാണ് ചിത്രത്തിന്റെ നിർമ്മാണം നിർവഹിക്കുന്നത്. രാജസ്ഥാനിലെ ജെയ്സൽമീറിൽ ജനുവരി പതിനെട്ടിന് ആരംഭിച്ച ചിത്രത്തിന്റെ ഷൂട്ടിംഗ് ഇപ്പോഴും തുടരുകയാണ്. പ്രേക്ഷകർ ഏറെ കാത്തിരിക്കുന്ന ചിത്രമായതുകൊണ്ടു തന്നെ ചിത്രത്തിന്റെ കഥയെയും പശ്ചാത്തലത്തെയും കുറിച്ച് നിരവധി അഭ്യൂഗങ്ങൾ വന്നിരുന്നുവെങ്കിലും പ്രസ്തുത ചർച്ചകളിലെ കഥയല്ല മലൈക്കോട്ടൈ വാലിഭന്റേതെന്നു പ്രൊഡ്യൂസേഴ്സ് വ്യക്തമാക്കിയിരുന്നു. മോഹൻലാൽ നായകനാകുന്ന ചിത്രത്തിന്റെ മറ്റു താരങ്ങളെക്കുറിച്ചു വെളിപ്പെടുത്തിയിട്ടില്ല. ഹൈ ബഡ്ജറ്റിൽ ഒരുങ്ങുന്ന മലൈകോട്ടൈ വാലിബൻ മലയാളത്തിന് പുറമെ ഇന്ത്യയിലെ മറ്റു പ്രധാന ഭാഷകളിൽ റിലീസാകും. ഇന്ത്യയിലെ വിവിധ ഭാഷകളിലെ പ്രശസ്തരായ താരങ്ങൾ അണിനിരക്കുന്ന ചിത്രത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് പി എസ് റഫീക്കാണ്. ആമേന് ശേഷം ലിജോയ്ക്ക് വേണ്ടി പിഎസ് റഫീക്ക് തിരക്കഥ ഒരുക്കുന്ന ചിത്രത്തിൽ ചുരുളിക്ക് ശേഷം മധു നീലകണ്ഠൻ വീണ്ടും ലിജോയ്ക്ക് വേണ്ടി ക്യാമറ ചലിപ്പിക്കും. പ്രശാന്ത് പിള്ള സംഗീതവും ദീപു ജോസഫ് എഡിറ്റിംഗും നിർവഹിക്കുന്ന ചിത്രത്തിന്റെ പി ആർ ഓ പ്രതീഷ് ശേഖറാണ്.

# മുത്തൂറ്റ് ഫിനാൻസ് എൻസിഡി വഴി 300 കോടി രൂപ സമാഹരിക്കും




**കൊച്ചി:** മുത്തൂറ്റ് ഫിനാൻസിൻറെ സെക്യേർഡ് റിഡീമബിൾ എൻസിഡി വഴി 300 കോടി രൂപ സമാഹരിക്കും. 75 കോടി രൂപയുടെ കടപത്രങ്ങൾ വിതരണം ചെയ്യാനും അധികമായി ലഭിക്കുന്ന 225 കോടി രൂപ വരെ കൈവശം വെക്കാനും ഉള്ള അനുമതി അനുസരിച്ചാണ് 300 കോടി രൂപ ആകെ സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്. ആയിരം രൂപയാണ് എൻസിഡികളുടെ മുഖവിലയെന്ന് ുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.ഏപ്രിൽ 12ന് ആരംഭിച്ച ഇവയുടെ വിതരണം ഏപ്രിൽ 26 വരെ തുടരും. ഐസിആർഎയുടെ എഎപ്ലസ് (സ്റ്റേബിൾ) റേറ്റിങാണ് ഈ സെക്യേർഡ് എൻസിഡികൾക്കുള്ളത്. സാമ്പത്തിക ബാധ്യതകൾ സമയാസമയങ്ങളിൽ നിറവേറ്റുന്നതിലുള്ള ഉയർന്ന നിരക്കിലെ സുരക്ഷിതത്വമാണ് ഇതു സൂചിപ്പിക്കുന്നത്. എൻസിഡികൾ ഇഷ്യുവിനു ശേഷം ബിഎസ്ഇയിൽ ലിസ്റ്റു ചെയ്യും. വ്യക്തിഗത നിക്ഷേപകർക്ക് 8.25 ശതമാനം മുതൽ 8.60 ശതമാനം വരെ വാർഷിക പലിശ ലഭിക്കുന്ന ഏഴ് തെരഞ്ഞെടുപ്പുകൾ ഇവയുടെ നിക്ഷേപത്തിനായി ലഭ്യമാണ്. നിലവിലെ പലിശ നിരക്കുകൾക്ക് അനുസൃതമായി, പ്രത്യേകിച്ച് റിസർവ് ബാങ്ക് 2023 ഏപ്രിലിൽ റിപോ നിരക്ക് ഉയർത്തിയതിൻറെ തുടർച്ചയായുള്ള, മികച്ച നിരക്കുകളാണു തങ്ങളുടെ 31ാമത് എൻസിഡി ഇഷ്യുവിൽ അവതരിപ്പിച്ചിട്ടുള്ളതെന്ന് ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. എൻസിഡികളുടെ 90 ശതമാനവും ചെറുകിട നിക്ഷേപകർക്കും ഉയർന്ന മൂല്യമുള്ള വ്യക്തിഗത നിക്ഷേപകർക്കുമായി മാറ്റി വെച്ചിരിക്കുകയാണ്. സ്ഥാപനങ്ങൾക്കും കോർപറേറ്റുകൾക്കും ലഭിക്കുന്നതിനേക്കാൾ 0.50 ശതമാനം വാർഷിക നിരക്കു കൂടുതലായി ഇവർക്കു ലഭിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കമ്പനിയുടെ പ്രാഥമിക വായ്പാ പ്രവർത്തനങ്ങൾക്കാവും ഇങ്ങനെ സമാഹരിക്കുന്ന തുക വിനിയോഗിക്കുക.

# ഐപിഎൽ:ധോണിയുടെ സിക്സറുകൾക്ക് സാക്ഷിയായി ജിയോ സിനിമയിൽ 2.2 കോടി കാഴ്ചക്കാർ




**കൊച്ചി:** ചെന്നൈയിലെ ചെപ്പോക്ക് സ്റ്റേഡിയത്തിൽ ബുധനാഴ്ച നടന്ന ഐപിഎൽ മൽസരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ് ക്യാപ്റ്റൻ എംഎസ് ധോണി, രാജസ്ഥാൻ റോയൽസിനെതിരായ തകർപ്പൻ മത്സരത്തിനിടെ തുടർച്ചയായി സിക്സറുകൾ പറത്തിയത് ജിയോസിനിമവഴി കണ്ടത് 2.2 കോടി പ്രേക്ഷകർ. ഓൺലൈൻ ലൈവ്സ്ട്രീമിംഗ് പ്ലാറ്റ്ഫോമായ ജിയോ സിനിമയിൽ 2023 ഐപിഎൽ സീസണിലെ ഏറ്റവും ഉയർന്ന വ്യൂവർഷിപ്പാണ് ഇതെന്ന് ജിയോ അധികൃതർ വ്യക്തമാക്കി. ത്രസിപ്പിക്കുന്ന ഫിനിഷിൽ കലാശിച്ച മത്സരം എണ്ണമറ്റ ടിസ്റ്റുകളോടെ പുരോഗമിക്കുമ്പോൾ ആരാധകർ അവരുടെ സ്ക്രീനുകളിൽ ഉറ്റുനോക്കിരുന്നു . അൾട്ടിമേറ്റ് ഫിനിഷർ എന്ന് പലപ്പോഴും വാഴ്ത്തപ്പെടുന്ന ധോണി, അവസാന ഓവറിൽ രണ്ട് ബാക്ക്ടു ബാക്ക് സിക്സറുകൾ പറത്തി തകർപ്പൻ പ്രകടനം കാഴ്ചവച്ചു. അവസാന പന്തിൽ രാജസ്ഥാൻ റോയൽസിന്റെ ഫാസ്റ്റ് ബൗളർ സന്ദീപ് ശർമ്മ ഒരു റൺസ് മാത്രം വഴങ്ങിയതോടെ ചെന്നൈ സൂപ്പർ കിംഗ്സ് മൂന്ന് റൺസിന് വീണു. 17 പന്തിൽ 32 റൺസുമായി പുറത്താകാതെ നിന്ന ധോണിയുടെ സ്ട്രൈക്ക് റേറ്റ് 188.

ടാറ്റ ഐപിഎൽ 2023ന്റെ ഡിജിറ്റൽ സ്ട്രീമിംഗ് പങ്കാളിയായ ജിയോസിനിമ, സീസണിന്റെ തുടക്കം മുതൽ ശ്രദ്ധേയമായ വിജയം നേടിയിട്ടുണ്ട്. ആദ്യ വാരാന്ത്യത്തിൽ മാത്രം 147 കോടി വ്യൂവർഷിപ് നേടി മുൻ സീസണിലെ മൊത്തം വ്യൂവർഷിപ് കണക്കുകളെ മറികടന്നു. കൂടാതെ, ജിയോസിനിമയിൽ ഓരോ മത്സരത്തിനും ഓരോ വീഡിയോയ്ക്കും ചെലവഴിക്കുന്ന ശരാശരി സമയം ഗണ്യമായി 60% വർദ്ധിച്ചുവെന്നും ജിയോ സിനിമ അധികൃതർ വ്യക്തമാക്കി.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LIVA KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com